'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട ഘടകം) - പത്തു ജില്ലകളുടെ Integrated Water Management Project-ന്റെ 2010-11 വർഷത്തെ പ്രാഥമിക പ്രോജക്ട് റിപ്പോർട്ടുകൾ (PPR) തയ്യാറാക്കിയ ഇനത്തിൽ മൈത്രി, പാലക്കാട് എന്ന ഏജൻസിയ്ക്ക് 5 ലക്ഷം രൂപ അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി)വകുപ്പ്**

**സ.ഉ.(സാധാ) നം.572/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/03/2020

---

പരാമർശം:- ഗ്രാമവികസന കമ്മീഷണറുടെ വിവിധ തീയതികളിലെ 19648/R&I5/10/CRD നമ്പർ കത്തുകൾ

**ഉത്തരവ്**

പത്തു ജില്ലകളുടെ Integrated Water Management Project-ന്റെ 2010-11 വർഷത്തെ പ്രിലിമിനറി പ്രൊജക്ട് റിപ്പോർട്ട് (PPR) തയ്യാറാക്കുന്നതിനായി മൈത്രി, പാലക്കാട് എന്ന NGO-യെ ഗ്രാമവികസന കമ്മീഷണർ ചുമതലപ്പെടുത്തുകയും അപ്രകാരം അവർ തയ്യാറാക്കി നൽകിയ 10 പ്രാഥമിക പ്രോജക്ട് റിപ്പോർട്ടുകൾക്കും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. ടി പി.പി.ആർ. തയ്യാറാക്കിയ ഇനത്തിൽ മൈത്രി പാലക്കാടിന്, ഒരു ജില്ലയ്ക്ക് 50,000/- രൂപ എന്ന നിരക്കിൽ നൽകേണ്ട 5 ലക്ഷം രൂപ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട ഘടകം) യുടെ പ്രോഗ്രാം ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നല്കണമെന്ന് പരാമർശം പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസിയുടെ തീരുമാനപ്രകാരമാണ് PPR തയ്യാറാക്കുന്നതിന് മൈത്രി, പാലക്കാട് എന്ന NGO യെ ഏൽപ്പിച്ചത് എന്നതും അവർ തയ്യാറാക്കി നൽകിയ 10 പ്രാഥമിക പ്രോജക്ട് റിപ്പോർട്ടുകൾക്കും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചു എന്നതും കണക്കിലെടുത്ത് പത്തു ജില്ലകളുടെ Integrated Water Management Project-ന്റെ 2010-11 വർഷത്തെ പി.പി.ആർ. തയ്യാറാക്കിയ ഇനത്തിൽ മൈത്രി, പാലക്കാടിന് നൽകേണ്ട 5 ലക്ഷം രൂപ, നടപ്പ് സാമ്പത്തിക വർഷത്തെ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ (നീർത്തട ഘടകം) ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് ചിലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA T.P.
**അണ്ടർ സെക്രട്ടറി**

പകർപ്പ്:ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

ധനകാര്യ വകുപ്പ് (Vide U.O.No.DEV2/185/2019/Fin dated 26/09/2019)

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2020.03.07 11:29:21 IST
Reason: Approved

സെക്ഷൻ ഓഫീസർ